(ബി) ഇല്ലെങ്കിൽ വിശദാംശങ്ങൾ വർക്കലയിൽ നടപ്പിലാ

സമ്പൂർണ്ണ ഡിജിറ്റൽ കേരള പദ്ധതികൾ

240 (3394) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വെള്ളാപ്പള്ളി നടേശൻ :
ശ്രീ. കെ.എൻ. ബാലഗോപാൽ :
ശ്രീ. ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദ്യാഭ്യാസവും വിവരസാങ്കേതികവിദ്യയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി സമ്പൂർണ്ണ ഡിജിറ്റൽ കേരള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തൊക്കെ പദ്ധതികളാണ് ഇതു വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) പദ്ധതികളെ സംബന്ധിച്ച് ഇതിനോടകം സ്വീകരിച്ച നടപടികൾ എന്തൊക്കെ ;

(ഡി) പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് നടപ്പിലാക്കുന്ന സമയക്രമം അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയിലൂടെ തൊഴിലവസരങ്ങളുടെ വർദ്ധനവിനു വഴിതെളിക്കുക. സർക്കാർ വകുപ്പുകളും ഓഫീസുകളും തമ്മിലുള്ള ആശയവിനിമയത്തിന് ഒരു ഏകീകൃത സംവിധാനത്തിലൂടെ പ്രവർത്തിക്കുക. പദ്ധതി നടത്തിപ്പിനായി KSWAN കണക്ഷൻ ലഭ്യമാക്കുക. സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ സിഗ്നേച്ചറുകൾ ഉപയോഗിച്ച് ഓൺലൈൻ വഴി ലഭ്യമാക്കുക. വർക്കലയിലെങ്ങും പൊതുസ്ഥലങ്ങൾ ഇ-ഗവർണൻസ് സേവനങ്ങൾ വഴി നടപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് (NOFN) പൂർത്തിയാകുന്നതോടെ സമ്പൂർണ്ണ കണക്ടിവിറ്റി സാധ്യമായ മൈക്രോമാർക്കറ്റുകൾ എന്നിങ്ങനെ കാറ്റഗറികളാണ് ഡിജിറ്റൽ സാക്ഷരതയിലൂടെ ഓരോ മേഖലയിലും ഉണ്ടാകുന്ന പ്രധാന നിരീക്ഷണങ്ങൾ. ഇവ വിലയിരുത്തി സർക്കാർ ഓഫീസുകളിലെ നടപടിക്രമങ്ങൾ ലഘൂകരിച്ച് ഇ-ഗവർണൻസ് പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുക. ഇ-ഓഫീസ് സംവിധാനം സർക്കാർ ഓഫീസുകളിൽ നടപ്പിലാക്കുക, എല്ലാ സർക്കാർ വകുപ്പുകളിലും ഡിജിറ്റൽ സാക്ഷരതയുള്ള ഉദ്യോഗസ്ഥരെ ഉറപ്പാക്കുക എന്നിവയാണ് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയിലൂടെ ലക്ഷ്യമിടുന്നത്. ഡിജിറ്റൽ പഠനം ഇപ്പോൾ ഏറെ പ്രാധാന്യമുള്ള കാര്യമായതിനാൽ ഈ പദ്ധതിയിലൂടെ സാധാരണക്കാരെയും ഡിജിറ്റൽ സാക്ഷരരാക്കുക എന്നതാണ് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയിലൂടെ ഉദ്ദേശിക്കുന്നത്. ഡിജിറ്റൽ പഠനം വഴി സർക്കാർ ഓഫീസുകളിലെ ഫയൽ നടപടിക്രമങ്ങൾ ലഘൂകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. സർക്കാർ വെബ്സൈറ്റുകളും ഇ-മെയിൽ സംവിധാനവും ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുക എന്നതും ഈ പദ്ധതിയുടെ ഭാഗമാണ്.

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഒരു സ്റ്റിയറിംഗ് കമ്മിറ്റിയും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോജക്ട് ഡയറക്ടറെയും നിയമിച്ചിട്ടുണ്ട്.

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ഒരു സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ച് 2017 ഡിസംബറിനുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇ-ഡിസ്ട്രിക്ട്, ഇ-പ്രൊക്യൂർമെന്റ്, എം-ഗവേണൻസ്, ഇ-പേയ്മെന്റ്, ഗേറ്റ് വേ തുടങ്ങിയ നിരവധി പദ്ധതികൾ കാര്യക്ഷമമായി തുടരുന്നതോടൊപ്പം പുതിയ പദ്ധതികളും നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സാക്ഷ്യ കേന്ദ്രങ്ങളുടെ വ്യാപനവും സർക്കാർ ജീവനക്കാർക്ക് ഇ-ഗവേണൻസിൽ പരിശീലന പരിപാടിയും ഡിജിറ്റൽ കേരള പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. ഇ-പേമെന്റിംഗ് പോർട്ടൽ ആധാറുമായി ബന്ധിച്ച് Know Your Customer (KYC) എന്നിവയും ഈ പദ്ധതി വഴി നടപ്പിലാക്കിയിട്ടുണ്ട്.

(സി&ഡി) പുതിയ ഇ-ഗവേണൻസ് പദ്ധതികളായ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ (SSDG), സർവ്വീസ് പ്ലസ്, ഇ-ഓഫീസ്, സിറ്റിസൺ സെൻട്രിക് ഇ-ഗവേണൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇ-ഗവേണൻസ് പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമതയോടും കൂടി പൂർത്തിയാക്കുന്നതിനും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായും വകുപ്പ് സെക്രട്ടറിമാരും വകുപ്പ് തലവൻമാരും അംഗങ്ങളായിട്ടുള്ള സംസ്ഥാനതല അപ്പെക്സ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

പള്ളിപ്പുറം ഇൻഫോപാർക്കിലെ വികസന പ്രവർത്തനങ്ങൾ

241 (3395) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഇൻഫോപാർക്കിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; നിലവിൽ ഇവിടെ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണത്തിനായി എത്ര രൂപ ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പള്ളിപ്പുറം ഇൻഫോപാർക്കിൽ 60000 ചതുരശ്ര അടി സ്ഥലം plug & play രൂപത്തിൽ 10 കോടി രൂപ മുടക്കി interior fitout ചെയ്യുകയും 110 kv സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുകയും പവർ ലൈസൻസ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 7 ലക്ഷം രൂപ മുടക്കി sports facility പൂർത്തീകരിച്ചു. കമ്പനികൾക്ക് മീറ്റിംഗ് കൂടുന്നതിനും മറ്റ് ആവശ്യങ്ങൾക്കുംകൂടി ഉപകരിക്കുംവിധം 60 ലക്ഷം രൂപ മുടക്കി ഒരു മൾട്ടിപർപ്പസ് കോൺഫറൻസ് ഹാളിന്റെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. ഇതുകൂടാതെ യാത്ര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വൈറ്റിലയിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly